# Malayala Manorama
# 28 August 2018
# Kochi, Flood Relief, Sikhs

## സുവർണ സ്നേഹവുമായി സിഖുകാർ

കൊച്ചി ● നെടുമ്പാശേരിയിലെ വിമാനത്താവളം തുറക്കണേയെന്നു കൊച്ചിക്കാരേക്കാൾ ആത്മാർഥമായി പ്രാർഥിക്കുകയാണു പഞ്ചാബുകാർ. അമൃത്സറിൽനിന്നു 3180 കിലോമീറ്റർ രണ്ടു ട്രക്കുകൾ ഓടിച്ചു ദുരിതാശ്വാസത്തിനെത്തിയവരാണു സ്നേഹം നിറഞ്ഞ സിഖുകാർ. എയർപോർട്ട് തുറന്നാൽ വൻതോതിൽ അവശ്യവസ്തുക്കൾ എത്തിക്കാമല്ലോ എന്ന കണക്കുകൂട്ടലിലാണ് അവർ.

അഞ്ചു ദിവസമെടുത്തു പഞ്ചാബിൽനിന്നു റോഡ് മാർഗം തേവരയിലെ ഗുരുദ്വാരയിൽ എത്താൻ. ഇനിയും രണ്ടു ട്രക്കുകൾകൂടി പഞ്ചാബിൽനിന്നു കേരളത്തിലേക്കു വരുന്നുണ്ട്. ഒപ്പം പെയിന്റിങ്, പ്ലമിങ് തൊഴിലാളികളും. ഓട്ടത്തിലാണവർ. അമൃത്സറിലെ സുവർണക്ഷേത്രം കേന്ദ്രീകരിച്ചു ശിരോമണി ഗുരുദ്വാര പർബന്ധക് കമ്മിറ്റി (എസ്ജിപിസി)യാണു പഞ്ചാബ് സംഘത്തെ നയിക്കുന്നത്. എസ്ജിപിസിയുടെ അസി. സെക്രട്ടറി തേജീന്ദർ സിങ് പഡ്ഡയാണു തലവൻ. മനോഹരമായ കേരളത്തിലേക്കു കുടുംബസമേതം വിനോദയാത്ര എന്നും മനസ്സിൽ ഉണ്ടായിരുന്നെങ്കിലും ഇതുവരെ അവസരം ലഭിച്ചില്ലെന്നു തേജീന്ദർ സിങ് പറയുന്നു.

''ഉല്ലസിക്കാനല്ല, ദുഃഖവേളയിൽ ആശ്വാസം പകരാൻ എത്താനാണു വിധി. അതു ഞങ്ങൾ നിറഞ്ഞ മനസ്സോടെ ഏറ്റുവാങ്ങുന്നു. പഞ്ചാബികളുടെ സ്നേഹമാണിത്. ഞങ്ങളുടെ സഹോദരങ്ങളെ പതിറ്റാണ്ടുകൾ മുൻപേ സ്നേഹപൂർവം സ്വീകരിച്ച കൊച്ചി നഗരം കേന്ദ്രീകരിച്ചാണ് ഈ പ്രവർത്തനങ്ങൾ എന്നതും മനസ്സു നിറയ്ക്കുന്നു. നിങ്ങളുടെ സങ്കടത്തിൽ ഞങ്ങളും കൂടെയുണ്ട്. പെയിന്റിങ്, പ്ലമിങ് ജോലിക്കാരും ഉൾപ്പെടുന്ന ഒരു സംഘംകൂടി ഇങ്ങോട്ടു വരുന്നുണ്ട്. ഏതാനും ദിവസം സഹായിച്ചിട്ടു മടങ്ങുന്നവരല്ല ഞങ്ങൾ. രണ്ടു മാസം ഇവിടെക്കാണും, നിങ്ങളുടെ കൂടെ. നമുക്ക് ഒരുമിച്ചു ജീവിതത്തിലേക്കു തിരിച്ചുവരാം.''

പഞ്ചാബികൾ വെളിച്ചെണ്ണ ഉപയോഗിക്കാറില്ലെങ്കിലും അതുൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ദുരിതാശ്വാസ സംഘം കരുതിയിട്ടുണ്ട്. എസ്ജിപിസിയുടെ 'പർച്ചേസ് കമ്മിറ്റി' ഇവിടെയുണ്ട്. വരും ആഴ്ചകളിൽ പഞ്ചാബിൽനിന്നു സാധനങ്ങൾ എത്തിക്കാൻ കാത്തുനിൽക്കുന്നില്ല. ഇവിടെനിന്നോ അയൽ സംസ്ഥാനങ്ങളിൽനിന്നോ സാധനങ്ങൾ പണംകൊടുത്തു വാങ്ങി, വിതരണം ചെയ്യും. അതിന്റെയെല്ലാം കേന്ദ്രമായി കേരളത്തിലെ ഏക പൊതു ഗുരുദ്വാരയായ തേവര ഗുരുദ്വാര പ്രവർത്തിക്കുന്നു. കൊച്ചി ഗുരുദ്വാര സിഖ് സഭയും യുവാക്കളുടെ സംഘടനയായ യുണൈറ്റഡ് സിഖ്സ് കൊച്ചിയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. റോട്ടറി ക്ലബിന്റെ സഹായവുമുണ്ട്. ബെംഗളൂരു, മുംബൈ സിഖ് സഭകളും സഹായിച്ചെന്ന് എസ്ജിപിസി ഭാരവാഹികൾ പറയുന്നു. പല ദിവസവും ദുരിതമേഖലയിൽ ആയിരങ്ങൾക്കു ഭക്ഷണം പാകംചെയ്ത് എത്തിക്കുന്നുണ്ട്. അതും സിഖുകാരുടെ കൈപ്പുണ്യത്തിൽ.

ആലപ്പുഴയിൽ എവിടെയൊക്കെ പോയെന്നു ചോദിക്കുമ്പോൾ സർദാർജി സഹോദരൻമാർക്കു പറയാൻ നൂറുനാവ്. ഗോതമ്പുചാക്കുകൾ ഈസിയായി എടുത്തുയർത്തുന്നവർക്കു പക്ഷേ, ആലപ്പുഴ ജില്ലയിലെ സ്ഥലപ്പേരുകൾ നാവിനു വഴങ്ങുന്നില്ല. തകഴി, അമ്പലപ്പുഴ എന്നൊക്കെ പറയാൻ അവർ ബുദ്ധിമുട്ടുമ്പോൾ സഹായത്തിനു പലരുമുണ്ട്. കൊച്ചിയിൽ ജനിച്ചു വളർന്ന സിഖുകാർ. മണിമണിപോലെ മലയാളം പറയുന്ന ബൽജീത് സിങ്, നഗരത്തിൽ സേഥി ദ ധാബ എന്ന ഭക്ഷണശാല നടത്തുന്ന ഡിംപിൾ സേഥി, ബണ്ടി സിങ് എന്നിങ്ങനെ ചിലർ.

പഞ്ചാബിൽനിന്നു വന്നവർ പറയുന്നു: ''ഇവരാണു ഞങ്ങളെ നയിക്കുന്നത്. മലയാളികളുടെ സ്നേഹം അനുഭവിച്ച ഇവർ ഇപ്പോൾ ഞങ്ങളുടെ സ്നേഹം മലയാളികളിലേക്ക് എത്തിക്കാൻ ശ്രമിക്കുകയാണ്.'' എസ്ജിപിസി സീനിയർ നേതാക്കൾ എത്തുമ്പോൾ എറണാകുളം ജില്ലയിലെ ഒരു ഗ്രാമം ദത്തെടുക്കും എന്ന പ്രഖ്യാപനം ഉണ്ടായേക്കും. അങ്ങനെയാണെങ്കിൽ ആ ഗ്രാമത്തിലെ ജീവിതം സാധാരണ നിലയിൽ എത്തിയ ശേഷമേ പഞ്ചാബി സുമനസ്സുകൾ ഇവിടം വിട്ടുപോകൂ.



പഞ്ചാബിലെ അമൃത്സറിൽനിന്നു ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു കേരളത്തിലെത്തിയ ശിരോമണി ഗുരുദ്വാര പ്രബന്ധക് കമ്മിറ്റി അംഗങ്ങൾ കൊച്ചിയിലെ ഗുരുദ്വാരയിൽ.